**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5883 04.07.2019 -ൽ മറുപടിക്ക്**

**വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | : | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) മുപ്പത് വർഷത്തിലധികം കാലം നീണ്ടുനിൽക്കുന്ന തരത്തിൽ വൈറ്റ് ടോപ്പിംഗ് റോഡ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള പൊതുമരാമത്ത് മാനുവൽ Clause 2407.10.1 പ്രകാരം വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള Asphalt Pavement -ന് പുറത്ത് Concrete overlay ചെയ്യുന്നതാണ് White topping. കൂടാതെ IRC-SP 76-2015 പ്രകാരം White topping പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) ഇപ്രകാരം റോഡ് നിർമ്മിക്കുന്നതിന് ഒരു കിലോമീറ്ററിന് എത്ര കോടി രൂപയാണ് നിർമ്മാണച്ചെലവ് വരുന്നത്; വിശദമാക്കുമോ; | (ബി) പൊതുമരാമത്ത് വകുപ്പിനു കീഴിൽ എറണാകുളം ഡിവിഷനിൽ Budget Work 2012-13 White topping of Seaport Airport Road 5/500 from HMT junction to Manalimukku എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ reinforcement bars ഉപയോഗിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് 1 കിലോമീറ്ററിന് 3,44,43,220/- രൂപ നിർമ്മാണ ചെലവ് വരുന്നതാണ്. ബാംഗ്ലൂരിൽ കി.മീ ഒന്നിന് 10 കോടി |

ആവശ്യമാണെന്നാണ് അവിടെത്തെ ചീഫ് എഞ്ചിനീയർ അവിടം സന്ദർശിച്ച പൊതുമരാമത്ത് മന്ത്രിയോട് പറഞ്ഞത്.

(സി) സംസ്ഥാനത്ത് പ്രസ്തുത രീതിയിലുള്ള നിർമ്മാണ പ്രക്രിയ പ്രാവർത്തികമാക്കി റോഡ് നിർമ്മിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; വ്യക്തമാക്കുമോ?

(സി) ബാംഗ്ലൂർ രീതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. അതിനായി ചീഫ് എഞ്ചിനീയർ (റോഡ്സ്), സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, KRFB CEO എന്നിവർ പോയി പരിശോധിച്ച് വരാൻ നിർദ്ദേശിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**